"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - തിരുവനന്തപുരം ജില്ലയിലെ നാവായികുളം ബി.വി.യുപി. എസ്.ലെ. പാർട്ട് ടൈം എൽ.ജി അറബിക് അദ്ധ്യാപികയായ ശ്രീമതി. അനീസ.ഇ. സമർപ്പിച്ച പുനഃപരിശോധനാ ഹർജി - തീർപ്പാക്കി ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.4330/2025/GEDN തീയതി,തിരുവനന്തപുരം, 30-06-2025

---

പരാമർശം:-

1. തിരുവനന്തപുരം ജില്ലയിലെ നാവായികുളം ബി.വി.യുപി. എസ്.ലെ. പാർട്ട് ടൈം എൽ.ജി അറബിക് അദ്ധ്യാപികയായ ശ്രീമതി. അനീസ.ഇ. സമർപ്പിച്ച 16.10.2024 ലെ പുനഃപരിശോധനാ ഹർജി.
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 26.12.2024-ലെ എഫ്1/25552/2024/ഡി.ജി.ഇ നമ്പർ കത്ത്.
3. കിളിമാനൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 03.01.2025-ലെ സി/1042/2024 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം ജില്ലയിലെ നാവായികുളം ബി.വി.യുപി. എസ്.ലെ. പാർട്ട് ടൈം എൽ.ജി അറബിക് അദ്ധ്യാപികയായ ശ്രീമതി. അനീസ.ഇ സമർപ്പിച്ച പരാമർശം (1) പുനഃപരിശോധനാ ഹർജി തീർപ്പാക്കുന്നതിലേക്കായി ഹർജിക്കാരിയുടെ പ്രതിനിധിയെയും ബന്ധപ്പെട്ട മറ്റ് കക്ഷികളെയും 09.01.2025-ന് ഗൂഗിൾ മീറ്റ് മുഖേന കേൾക്കുകയുണ്ടായി.

2) <u>നേരിൽ കേട്ട വേളയിൽ ഹർജിക്കാരി, മാനേജർ എന്നിവർ ചുവടെ ചേർക്കും പ്രകാരം വാദിച്ചു.</u>

i) കിളിമാനൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ കീഴിലുള്ള ബി.വി.യുപി. എസ്. നാവായിക്കുളത്ത്, 2019-20-ൽ ഒരു എൽ.ജി അറബിക് (പി.റ്റി) അധികതസ്തിക അനുവദിച്ചിരുന്നു. ഈ തസ്തികയിൽ ശ്രീമതി. അനീസ.ഇ യെ പാർട്ട്ടൈം അറബിക് ആയി 01.06.2022 മുതൽ നിയമിച്ചിരുന്നു. ടി നിയമത്തിന് കിളിമാനൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകാരം നിഷേധിച്ചതിനെതിരെ ചട്ടപ്രകാരം സമർപ്പിച്ച അപ്പീൽ ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസറും, റിവിഷൻ അപ്പീൽ ബഹു.പൊതുവിദ്യാഭ്യാസ ഡയറക്ടറും തള്ളിക്കളഞ്ഞിരുന്നു. സ്റ്റേയിൽ ഓഫ് പേയിലുള്ള ശ്രീമതി. അനീസ.ഇ യുടെ നിയമനത്തിന് അംഗീകാരം നിഷേധിക്കുന്നതിനാധാരമായി ചൂണ്ടിക്കാണിച്ചിട്ടുള്ളത് താഴെ പറയുന്ന കാരണങ്ങളാണ്.

- ശ്രീമതി. അനീസ.ഇ യെ പാർട്ട്ടൈം അറബിക് ആയി നിയമിച്ച 2022-23 വർഷം മതിയായ എണ്ണം കുട്ടി കളുണ്ടായിരുന്നുവെങ്കിലും തൊട്ടടുത്ത വർഷം (2023-24) മതിയായ എണ്ണം കുട്ടികളില്ലാതായി.

- ശ്രീമതി. അനീസ.ഇ യെ നിയമിച്ചത് പാർട്ട്ടൈം അറബിക്-ന്റെ അധിക തസ്തികയിലാകയാൽ 1:1 അനുപാത പ്രകാരം ആ തസ്തിക സംരക്ഷിതാദ്ധ്യാപകനായി മാറ്റി വക്കേണ്ടതായിരുന്നു.

- മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളിലെ അറബിക് തസ്തികയ്ക്ക് മതിയായ എണ്ണം കുട്ടികളുണ്ടെങ്കിലും, സ്കെയിൽ ഓഫ് പേയിൽ അംഗീകാരം നൽകാനാവില്ല. സ്കൂളിലെ ഏതെങ്കിലും ഒരു കാറ്റഗറിയിലോ വിഭാഗത്തിലെ തസ്തികകൾക്കോ മതിയായ കുട്ടികൾ ഉണ്ടെന്ന് കരുതി ആ വിഭാഗത്തിൽ സ്കെയിൽ ഓഫ് പേയിൽ നിയനാംഗീകാരം നൽകാനാകില്ല.

ii) ശ്രീമതി. അനീസ.ഇ യുടെ നിയമനാംഗീകാര നിഷേധത്തിനാധാരമായി ബഹു. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറും, ജില്ലാ വിദ്യാഭ്യാസ ഓഫീസറും, പൊതുവിദ്യാഭ്യാസ ഡയറക്ടറും ഉന്നയിച്ചിട്ടുള്ള തടസ്സവാദങ്ങൾ നിയമപരമായി നിലനിൽക്കാത്തതാണ്. ഈ സാഹചര്യത്തിലാണ്, ബഹു. പൊതു വിദ്യാഭ്യാസ ഡയറക്ടർ റിവിഷൻ അപ്പീൽ തള്ളിയതിനെതിരെ ശ്രീമതി. അനീസ.ഇ റൂൾ 92 ചാപ്റ്റർ 14 എ KER പ്രകാരം ബഹുമാനപ്പെട്ട സർക്കാർ മുമ്പാകെ 16.10.2024-ൽ പുനഃപരിശോധനാ ഹർജി നൽകിയിട്ടുള്ളത്. 2015-16 മുതൽ മതിയായ എണ്ണം കുട്ടികളില്ലാതിരുന്ന ഈ സ്കൂൾ 2022-23 ൽ മതിയായ എണ്ണം കുട്ടികളുള്ള സ്കൂളായി മാറി. എന്നാൽ, 2023-24-ൽ മതിയായ എണ്ണം കുട്ടികളില്ലാതായെങ്കിലും 2024-25-ൽ വീണ്ടും മതിയായ എണ്ണം കുട്ടികൾ ലഭ്യമായിട്ടുണ്ട്. അതേസമയം, 2019-20 വർഷം മതിയായ എണ്ണം കുട്ടികളില്ലാതിരുന്നപ്പോഴാണ് പാർട്ട്ടൈം അറബിക്കിന് ഒരു അധിക തസ്തികയനുവദിച്ചത്. തസ്തിക നിർണ്ണയ ഉത്തരവിലെ നിർദ്ദേശാനുസരണമുള്ള മാനേജരുടെ അപേക്ഷ പ്രകാരം, 2019-20 വർഷത്തേക്ക് മതിയായ എണ്ണം കുട്ടികളില്ലാത്തതിന് ബഹു.പൊതുവിദ്യാഭ്യാസ ഡയറക്ടർ ഇളവ് അനുവദിച്ച് ഉത്തരവാകുകയും ചെയ്തിരിക്കുന്നു. 2019-20 വർഷാവസാനമാണ് മേൽപറഞ്ഞ ഉത്തരവ് ലഭ്യമായത്. തന്മൂലം അക്കൊല്ലം നിയമനം നടത്താനായില്ല. 2020-21 വർഷം കോവിഡ് വ്യാപനംമൂലം സ്കൂൾ അടച്ചിട്ടിരുന്നതിനാലും പുതിയ നിയമനങ്ങൾ ഗവൺമെന്റ് നിരോധിച്ചതിനാലും നിയമനം നടന്നില്ല. മാത്രമല്ല, സ.ഉ(സാധാ) നമ്പർ/3287/2021/G.Edn തീയതി 06.07.2021 പ്രകാരം 2019-20-ലെ തസ്തിക നിർണ്ണയം തന്നെ 2020-21 ലും 2021-22 ലും തുടരാനും ഗവൺമെന്റ് ഉത്തരവായിരുന്നു. 2022-23-ൽ സ്കൂളിൽ മതിയായ എണ്ണം കുട്ടികൾ ലഭ്യമായതിനെ തുടർന്ന് അക്കൊല്ലം സ്കൂൾ തുറന്ന 01.06.2022 മുതൽ ശ്രീമതി. അനീസ.ഇ യെ പി.റ്റി അറബിക് ആയി ശമ്പള സ്കെയിലിൽ നിയമിക്കുകയാണുണ്ടായത്. എന്നാൽ, 2023-24 ൽ മതിയായ എണ്ണം കുട്ടികൾ ഇല്ലാതായെങ്കിലും പി.റ്റി അറബിക് തസ്തിക നിലനിർത്തിയിരുന്നു, വീണ്ടും മതിയായ എണ്ണം കുട്ടികൾ ലഭ്യമായ 2024-25 ലും പി.റ്റി. അറബിക് തസ്തിക മാറ്റമില്ലാതെ നിലനിന്നുവരികയാണ്. ശ്രീമതി. അനീസ.ഇ യെ അധികതസ്തികയിൽ നിയമിച്ച 01.06.2022-ൽ, 1:1 അനുപാതപ്രകാരം ഭാവിയിലുണ്ടാകുന്ന ഒരൊഴിവ്, ബഹു.സുപ്രീംകോടതിയിൽ, 1:1

അനുപാതം സംബന്ധിച്ച് നിലനിൽക്കുന്ന കേസിന്റെ അന്തിമ വിധിക്ക് വിധേയമായി സംരക്ഷിതാദ്ധ്യാപകനെ നിയമിക്കുന്നതിനായി മാറ്റി വയ്ക്കുന്നതാണെന്ന നിലയിൽ ഒരു സത്യവാങ്മൂലം ഫയൽ ചെയ്യാൻ മാനേജർ വിട്ടുപോയെങ്കിലും സ.ഉ(പി)നം.4/2021/പൊ.വി. തീയതി 06.02.2021 ലെ വ്യവസ്ഥകൾ പ്രകാരം മേൽപ്പറഞ്ഞ വിധത്തിൽ ഒരു സത്യവാങ്മൂലം അപ്പീലിനൊപ്പവും റിവിഷൻ അപ്പീലിനൊപ്പവും സമന്വയയിൽ അപ്‌ലോഡ് ചെയ്തിരുന്നു. അതേസമയം, 2016-17 മുതൽ 2019-20 വരെ അനുവദിക്കപ്പെട്ടിട്ടുള്ള അധിക തസ്തികകളിൽ 2019-20-ന് ശേഷം നിയമനം നടത്തിയിട്ടുള്ള കേസുകളിൽ, മാനേജർ മേൽപറഞ്ഞ പ്രകാരം സത്യപ്രസ്താവന നൽകിയിട്ടുണ്ടെങ്കിൽ, അത്തരം നിയമനങ്ങൾ മറ്റ് പ്രകാരത്തിൽ ക്രമത്തിലാണെങ്കിൽ നിയമനത്തീയതി മുതൽ നോഷണലായും 23.01.2023 - മുതൽ സാമ്പത്തികാനുകൂല്യത്തോടെയും അംഗീകരിക്കാവുന്നതാണെന്ന് G.O.(P) No.2/2023/GEdn. തീയതി 23.01.2023-ന്റെ പാരാ V-ൽ വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. ആകയാൽ , ശ്രീമതി. അനീസ.ഇ യുടെ നിയമനം 01.06.2022 മുതൽ 22.01.2023 വരെ നോഷണലായും, 23.01.2023 മുതൽ ശമ്പളത്തോട്ടു കൂടിയും അംഗീകരിക്കാവുന്നതാണ്. മാത്രമല്ല, 2019-20-ൽ അനുവദിച്ച പി.റ്റി അറബിക്-ന്റെ അധിക തസ്തികയിൽ, 2022-23 (നാലമത്തെ വർഷം) മുതലാണ് ശ്രീമതി. അനീസ.ഇ യുടെ നിയമനം. 3 വർഷം കടന്ന് നിൽക്കുന്ന അധിക തസ്തികകൾക്ക് 4-ാം വർഷം റെഗുലർ/പെർമനന്റ് സ്വഭാവം കൈവരുന്ന കീഴ്വഴക്കം വകുപ്പിൽ നിലനിന്നിരുന്നതുകൊണ്ട് 4-ാം വർഷം ഇത്തരത്തിലുള്ള സ്ഥിര തസ്തികകളിൽ നടത്തുന്ന നിയമനങ്ങൾക്ക് 1:1 അനുപാതം ബാധകമാകുന്നില്ലെന്ന് എറണാകുളം ജില്ലയിലെ കുടമുണ്ട എസ്.എസ്.എം. എൽ.പി.എസ്-ലെ ഒരദ്ധ്യാപികയുടെ കേസ് തീർപ്പാക്കികൊണ്ട്, G.O.(P) No.596/2020/G.Edn തീയതി 01.02.2020 പ്രകാരം ഗവൺമെന്റ് വ്യക്തമാക്കിയിട്ടുള്ളതുമാണ്. അതുകൊണ്ടുതന്നെ, 2019-20-ൽ അനുവദിച്ച അധിക തസ്തികയിൽ 2022-23-ൽ നടന്ന ശ്രീമതി. അനീസ.ഇ യുടെ നിയമനത്തിന് 1:1 ബാധകമാകുന്നില്ലെങ്കിലും ശ്രീമതി. അനീസ.ഇ യെ നിയമിച്ചതിന് പകരം ഭാവിയിലുണ്ടാകുന്ന ഒരൊഴിവ് 1:1 റേഷ്യോ പാലിച്ച് സംരക്ഷിതാദ്ധ്യപകനായി വിട്ടുനൽകാമെന്ന് മാനേജർ സത്യവാങ്മൂലം നൽകിയിട്ടുള്ളതാണ്.

iii) മതിയായ എണ്ണം കുട്ടികളുള്ളപ്പോൾ സ്കെയിൽ ഓഫ് പേയിൽ നൽകുന്ന നിയമനാംഗീകാരം പിന്നീട് മതിയായ എണ്ണം കുട്ടികളില്ലാതാകുന്നമുറയ്ക്ക് ദിവസവേതനാടിസ്ഥാനത്തിലേക്ക് മാറ്റേണ്ടതില്ല എന്ന് കാണുന്നു. 2022-23 ലുള്ള ശ്രീമതി. അനീസ.ഇ യുടെ നിയമനം ശമ്പളസ്കെയിലിംഗീകരിക്കുമ്പോൾ ടിയാൾ 2023-24 വർഷം നിലവിലുള്ള അദ്ധ്യാപിക (Existing Teacher) ആയി മാറുന്നു. കൂടാതെ സ.ഉ.(എം.എസ്)നമ്പർ 83/2018/പൊ.വി.വ തീയതി 12.08.2018 പ്രകാരം ഒരു സ്റ്റാൻഡിൽ ശരാശരി 15 കുട്ടികളുണ്ടെങ്കിൽ, അത്തരം സ്കൂളുകളിൽ മാനേജർക്ക് കെ.ഇ.ആർ വ്യവസ്ഥ പ്രകാരം നിയമനം നടത്താവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇതിന്റെ കൂടിയടിസ്ഥാനത്തിലാണ് മതിയായ എണ്ണം കുട്ടികളുണ്ടായിരുന്ന 2022-23 വർഷം 01.06.2022 മുതൽ മാനേജർ ശ്രീമതി. അനീസ.ഇ യെ പാർട്ട്ടൈം ശമ്പള സ്കെയിലിൽ നിയമിച്ചിട്ടുള്ളത്. ഒരു ക്ലാസിൽ ശരാശരി 15 കുട്ടികളെങ്കിലുമുണ്ടെങ്കിൽ നിയമനം റെഗുലർ സ്കെയിലിൽ അംഗീകരിക്കാമെന്ന് സർക്കാർ കത്ത് നമ്പർ J2/49275/2014/പൊ.വി.വ തീയതി 29.08.2014 ലും വ്യക്തമാക്കിയിട്ടുള്ളതാണ്. ഭാഷാ പഠനത്തിന് കെ.ഇ.ആർ അനുസരിച്ചുള്ള കുട്ടികളുണ്ടെങ്കിൽ അവിടെ ഭാഷാദ്ധ്യാപക

തസ്തികയും അനുവദനീയമാണെന്ന് ഇതിൽ സ്പഷ്ടീകരിച്ചിട്ടുണ്ട്. അതേസമയം, സമാനമായ മറ്റൊരു കേസിൽ മതിയായ എണ്ണം കുട്ടികളില്ലാതിരുന്ന തലശ്ശേരി നോർത്ത് ഉപജില്ലയിൽപെട്ട പിണറായി ചേരിക്കൽ ജെ.ബി.എസ്-ലെ പി. സുബീന എൽ.പി.എസ്.ടി-ക്ക്, 03.06.2013 മുതൽ ദിവസവേതനാടിസ്ഥാനത്തിൽ നൽകിയ നിയമനാംഗീകാരം 2019-20ൽ മതിയായ എണ്ണം കുട്ടികൾ ലഭ്യമായ മുറയ്ക്ക്, റെഗുലർ അടിസ്ഥാനത്തിൽ സ്കെയിൽ ഓഫ് പേയിലേക്ക് മാറ്റി നൽകികൊണ്ട് സ.ഉ. (സാധാ)നമ്പർ/3065/2020/പൊ.വി.വ തീയതി 12.11.2020 പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പ് ഉത്തരവിറക്കിയിട്ടുള്ളതാണ്. തുടർന്നുള്ള വർഷങ്ങളിൽ മതിയായ എണ്ണം കുട്ടികളില്ലാതായാൽ മേൽ പറഞ്ഞ ശമ്പള സ്കെയിലിലെ നിയമനം ദിവസവേതനാടിസ്ഥാനത്തിലേക്ക് മാറ്റണമെന്ന് മേൽപറഞ്ഞ ഉത്തരവിൽ വ്യവസ്ഥയില്ലെന്നതും ശ്രദ്ധേയമാണ്. അതുകൊണ്ട് തന്നെ 2015-16 മുതൽ മതിയായ എണ്ണം കുട്ടികളില്ലാതിരുന്ന ബി.വി.യു.പി.എസ് നാവായികുളത്തിന് 2022-23-ൽ മതിയായ എണ്ണം കുട്ടികൾ ലഭ്യമായതിനാൽ അക്കൊല്ലം നിയമനങ്ങൾ ശമ്പള സ്കെയിൽ നടത്താവുന്നതാണ്. ഈ വാദഗതി ശരിവച്ചുകൊണ്ട് ബി.വി.യു.പി.എസ് നാവായിക്കുളത്തിലെ തന്നെ ശ്രീമതി. സിംല, ശ്രീമതി. ഇന്ദു എന്നീ യു.പി.എസ്.ടി മാരുടേയും, ശ്രീമതി.അനിത.ആർ.പി എൽ.പി.എസ്.ടി-യുടേയും ദിവസതേനാടിസ്ഥാനത്തിലുള്ള അംഗീകാരം, ഭിന്നശേഷി സംവരണ നിയമനത്തിന് വിധേയമായി ദിവസവേതനാടിസ്ഥാനത്തിൽ അംഗീകരിക്കാൻ കിളിമാനൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകികൊണ്ട്, ബഹു.മാനേജർ ടി അദ്ധ്യാപകർക്ക് വേണ്ടി സമർപ്പിച്ച റിവിഷൻ അപ്പീലുകൾ തീർപ്പാക്കി, ബഹു.പൊതുവിദ്യാഭ്യാസ ഡയറക്ടർ ഉത്തരവായിട്ടുണ്ട്. എന്നാൽ ഇതേ അനുകൂല്യം ശ്രീമതി. അനീസ. ഇ ക്ക് ബഹു.പൊതുവിദ്യാഭ്യാസ ഡയറക്ടർ നിഷേധിച്ചത് തികച്ചും വിവേചനപരവും സ്വാഭാവിക നീതിയുടെയും തുല്യതയുടേയും തത്വങ്ങക്കൾക്കെതിരുമാണെന്ന് ബോധിപ്പിക്കുന്നു.

iv) 01.05.2023 മുതൽ പ്രമോഷൻ വഴി നിലവിൽ വന്ന 1 എൽ.പി.എസ്.ടി ഒഴിവ് ഭിന്നശേഷിക്കാരനായി വിട്ടുനൽകി മാനേജർ എംപ്ലോയ്മെന്റിലേക്ക് 'റികിസിഷൻ' നൽകിയെങ്കിലും എംപ്ലോയ്മെന്റിൽ നിന്നും കിട്ടിയ ലിസ്റ്റിൽപെട്ട ഭിന്നശേഷി ഉദ്യോഗാർത്ഥികൾ ഇന്റർവ്യൂവിന് ഹാജരാകാത്തിതിനാൽ മാനേജർ പുതുക്കിയ ലിസ്റ്റിനായി അപേക്ഷ നൽ കിയിരിക്കുകയാണ്. മേൽപ്പറഞ്ഞ സാഹചര്യത്തിൽ 1:1 പ്രകാരം മാനേജർ നൽകിയ സത്യവാങ്മൂലവും ബഹ പൊ.വി.ഡയറക്ടർ തന്നെ ഇതേ സ്കൂളിലെ മറ്റ് 3 അദ്ധ്യാപകർക്ക് ഭിന്നശേഷി സംവരണ നിയമനത്തിന് വിധേയമായി, ഭിന്നശേഷിക്കാരൻ ഡ്യൂട്ടിയിൽ എത്തുന്നത് വരെ ദിവസവേതനടിസ്ഥാനത്തിൽ അംഗീകാരം നൽകാനും നിർദ്ദേശിച്ച് പുറപ്പെടുവിച്ച ഉത്തരവുകളും പരിഗണിച്ച്, 01.06.2022 മുതലുള്ള ശ്രീമതി. അനീസ.ഇ യുടെ പി.റ്റി അറബിക് നിയമനവും ഭിന്നശേഷി സംവരണനിയമനത്തിന് വിധേയമായി ഭിന്നശേഷിക്കാരൻ ഡ്യൂട്ടിക്കെത്തുന്നതുവരെ ദിവസവേതനാടിസ്ഥാനത്തിൽ അംഗീകരിച്ച് നൽകാൻ കിളിമാനൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി 16.10.2024-ലെ ശ്രീമതി. അനീസ.ഇ യുടെ പുനഃപരിശോധനാ ഹർജി തീർപ്പാക്കണമെന്നപേക്ഷിക്കുന്നു.

3) <u>ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ ചുവടെ ചേർക്കും പ്രകാരം റിപ്പോർട്ട് ചെയ്തു.</u>

കിളിമാനൂർ ഉപജില്ലയുടെ പരിധിയിൽ വരുന്ന നാവായിക്കുളം ബി.വി.യു.പി സ്കൂളിൽ 2019-20

വർഷം ഉണ്ടായ പാർട്ട് ടൈം എൽ.ജി.അറബിക് അധിക തസ്തികയിൽ 01.06.2022 മുതൽ ശ്രീമതി.അനീസ.ഇ യെ പാർട്ട് ടൈം എൽ.ജി.അറബിക് ടീച്ചർ ആയി നിയമിച്ച് മാനേജർ അംഗീകാരത്തിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. 2015-16 മുതൽ 2021-2022 അദ്ധ്യയന വർഷം വരെ ടി സ്കൂൾ മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത സ്കൂൾ ആയിരുന്നു. 2022-23 വർഷം സ്കൂൾ മതിയായ എണ്ണം കുട്ടികൾ ഉള്ള സ്കൂൾ ആയി മാറി. ആയതിനാൽ അദ്ധ്യാപികയെ 01.06.2022 തീയതിയിൽ ശമ്പള സ്കെയിലിലാണ് മാനേജർ നിയമിച്ചിരിക്കുന്നത്. എന്നാൽ 2023-24 വർഷം വീണ്ടും സ്കൂൾ മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത സ്കൂൾ ആയി മാറിയിട്ടുണ്ട്. അദ്ധ്യാപികയെ നിയമിച്ചിരിക്കുന്നത് 2019-20 വർഷം സ്കൂളിലുണ്ടായ എൽ.ജി.അറബിക് ടീച്ചർ (പാർട്ട് ടൈം) അധിക തസ്തികയിലാണ്. എന്നാൽ എയ്ഡഡ് സ്കൂളുകളിലുണ്ടാകുന്ന അധിക തസ്തിക സംരക്ഷിത അധ്യാപകരെ നിയമിക്കാനായി മാറ്റി വയ്ക്കേണ്ടതുണ്ട്. സ.ഉ (പി) നം.2/23/GEDN തീയതി 23.01.2023 പ്രകാരം 06.02.2021 ലെ സ.ഉ (പി) നം.4/2021/പൊ.വി.വ യുടെ സ്പഷ്ടീകരണം സർക്കാർ പുറപ്പെടുവിച്ചിരുന്നു. 2016-17 മുതൽ 2019-20 വർഷം വരെയുള്ള അധിക തസ്തികകളിൽ സ.ഉ (പി) നം.4/2021/പൊ.വി.വ തീയതി 06.02.2021 പ്രകാരം സത്യപ്രസ്താവന മാനേജർ സമർപ്പിക്കുന്ന മുറയ്ക്ക് നിയമന തീയതി മുതൽ തന്നെ നോഷണലായി അംഗീകാരം നൽകാമെന്നും ഉത്തരവ് തീയതി മുതൽ മാത്രമേ സാമ്പത്തികാനുകൂല്യം ഉണ്ടായിരിക്കുകയുള്ളൂവെന്നും സ്പഷ്ടീകരണത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ പറഞ്ഞ സത്യപ്രസ്താവന നാവായിക്കുളം ബി.വി.യു.പി സ്കൂൾ മാനേജർ നിയമനാംഗീകാര പ്രോപ്പോസലിനോടൊപ്പം സമർപ്പിച്ചിട്ടില്ല. ഈ കാരണത്താൽ 01.06.2022 മുതലുള്ള അദ്ധ്യാപികയുടെ നിയമനം കിളിമാനൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും നിരസിച്ച് നൽകി. ഇതിനെതിരെ മാനേജർ നൽകിയ റിവിഷൻ അപ്പീൽ പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ നിരസ്സിച്ചിരുന്നു. ശേഷം ശ്രീമതി.അനീസ ഇ ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത WPC 19883/2024 ന്റെ 04.06.2024 തീയതിയിലെ വിധിന്യായം നടപ്പിലാക്കി പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച 28.09.2024 ലെ എഫ്1/12984/2024/ഡി.ജി.ഇ നമ്പർ ഉത്തരവ് പ്രകാരവും ശ്രീമതി അനീസ ഇ യുടെ നിയമനം നിരസിച്ച നടപടി ശരിവച്ചിട്ടുണ്ട്.

4) നേരിൽ കേട്ട വേളയിൽ ഉന്നയിച്ച വാദഗതികളുടെയും, ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും നിലവിലുള്ള ചട്ടങ്ങളുടെയും ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ പ്രസ്തുത വിഷയം പരിശോധിച്ചു. 06.02.2021 ലെ സ.ഉ (പി) നം.4/2021/പൊ.വി.വ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാനേജർ നൽകിയ സത്യവാങ്മൂലം പരിഗണിച്ച്, 01.06.2022 മുതലുള്ള ഹർജിക്കാരിയുടെ PT അറബിക് നിയമനം സ.ഉ(പി) നം.2/23/GEDN തീയതി 23.01.2023 പ്രകാരം നിയമന തീയതി മുതൽ നോഷണലായും ഉത്തരവ് തീയതി മുതൽ മാത്രമേ സാമ്പത്തികാനുകൂല്യം ഉണ്ടായിരിക്കുകയുള്ളൂവെന്നും ഉള്ള വ്യവസ്ഥയിൽ ഭിന്നശേഷി സംവരണം സംബന്ധിച്ച ഉത്തരവുകൾക്ക് വിധേയമായി പ്രൊവിഷണലായി അംഗീകരിച്ച് നൽകുന്നതിന് കിളിമാനൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദേശം നൽകിക്കൊണ്ടും, അപ്രകാരം പരാമർശം (1) പുനഃപരിശോധനാ ഹർജി തീർപ്പാക്കികൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ASWATHY K

അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ആറ്റിങ്ങൽ.

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, കിളിമാനൂർ.

മാനേജർ, ബി.വി. യു.പി.എസ് നാവായിക്കുളം, തിരുവനന്തപുരം - 695 603

ശ്രീമതി.അനീസ ഇ, പി.റ്റി. അറബിക് അദ്ധ്യാപിക, ബി.വി. യു.പി.എസ് നാവായിക്കുളം, തിരുവനന്തപുരം - 695 603

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**Signed by Pradeep Kumar.**
**C. O**
**Date: 30-06-2025 21:19:04**